പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

15.02.2016-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.1636

## പദ്ധതി വിഹിതത്തിന്റെ ചെലവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ ദാസൻ | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം ഇതുവരെ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; | എ) തദ്ദേശ സ്ഥാപനങ്ങളിൽ പദ്ധതി വിഹിതത്തിന്റെ 36.86% ഇതുവരെ ചെലവഴിച്ചു. |
| ബി) പദ്ധതി നിർവഹണ കാലാവധി തീരുന്നതിനു മുമ്പ് പദ്ധതി പൂർത്തീകരണത്തിനായി സർക്കാർ തലത്തിൽ അനുകൂല നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | ബി) എല്ലാ ആഴ്ചകളിലും നടക്കുന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യുകയും എന്തെങ്കിലും തടസ്സമുള്ള പക്ഷം അവ പരിഹരിക്കുന്നതിനാവശ്യമായ തീരുമാനം കൈക്കൊള്ളുകയും ചെയ്തു വരുന്നു. കൂടാതെ, മേഖലാ തലത്തിൽ നടക്കുന്ന പദ്ധതി അവലോകന യോഗത്തിലും വകുപ്പുകളുടെ പ്രതിമാസ അവലോകന യോഗത്തിലും പദ്ധതി നിർവ്വഹണം സംബന്ധിച്ച വിലയിരുത്തൽ നടത്തുകയും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ട നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |
| സി) തദ്ദേശ സ്ഥാപനങ്ങൾക്ക് നീക്കി വയ്ക്കുന്ന തുക കുറയുന്നത് അധികാര വികേന്ദ്രീകരണത്തെ ദുർബലപ്പെടുത്താൻ ഇടയാക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ? | സി) ബഡ്ജറ്റിൽ വകയിരുത്തുന്ന തുക പൂർണ്ണമായും നല്കുന്നു. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഓരോ വർഷവും ബഡ്ജറ്റിൽ കൂടുതൽ തുകയാണ് വകയിരുത്താറുള്ളത്. |

Liya

സെക്ഷൻ ഓഫീസർ